# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 3035 07.02.2018 -ൽ മറുപടിയ്ക്ക്**

## ഓട്ടിസം പാർക്ക് സ്ഥാപിക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ . സി.ദിവാകരൻ** | പ്രൊഫ: സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) ജില്ലയിൽ തിരഞ്ഞെടുക്കപ്പെടുന്ന ഒരു സ്കൂളിൽ ഓട്ടിസം പാർക്ക് സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) ഉണ്ട്. 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 2202-01-101-76 (പി) എന്ന ശീർഷകത്തിൽ (റവന്യൂ സെക്ഷൻ) വകയിരുത്തിയിട്ടുള്ള 280 ലക്ഷം രൂപയും, 4202 - 01-201 -92 (പി) എന്ന ശീർഷകത്തിൽ (ക്യാപ്പിറ്റൽ സെക്ഷൻ) അടിസ്ഥാന സൗകര്യ വികസനത്തിനായി മൂലധന ചെലവിനത്തിൽ വകയിരുത്തിയിട്ടുള്ള 420 ലക്ഷം രൂപയും ചേർത്ത് 700 ലക്ഷം രൂപ വിനിയോഗിച്ച് സംസ്ഥാനത്തെ ചുവടെപ്പറയുന്ന നിയോജക മണ്ഡലങ്ങളിലെ (ഒരു നിയോജക മണ്ഡലത്തിൽ ഒരു സ്കൂൾ വീതം) 14 സർക്കാർ സ്കൂളുകളിൽ (14X 50 ലക്ഷം രൂപ) കണക്കാക്കി, പദ്ധതിരേഖയിൽ അനുശാസിക്കും വിധം 'ഓട്ടിസം പാർക്ക് ' എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിട്ടുണ്ട്.<br>1. കാഞ്ഞങ്ങാട്,<br>2. തളിപ്പറമ്പ്,<br>3. കൽപ്പറ്റ,<br>4. കോഴിക്കോട് സൗത്ത് ,<br>5. താനൂർ,<br>6. തരൂർ,<br>7. ചേലക്കര,<br>8. പറവൂർ,<br>9. ഉടുമ്പൻചോല,<br>10. പുതുപ്പള്ളി<br>11. അമ്പലപ്പുഴ,<br>12. ആറൻമുള,<br>13. കുണ്ടറ,<br>14. നെടുമങ്ങാട് |

| | | | |
|---|---|---|---|
| (ബി) | ഇപ്രകാരം ഇതിനായി തിരുവനന്തപുരം ജില്ലയിൽ നിന്ന് ഏത് സ്കൂളാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) | തിരുവനന്തപുരം ജില്ലയിൽ നിന്നും പോത്തൻകോട് ഗവ: യു.പി.സ്കൂൾ ഉൾപ്പെട്ടിട്ടുണ്ട്. |
| സി) | ഓട്ടിസം പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാകുമെന്നും വ്യക്തമാക്കുമോ? | സി) | ഇതുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ